2406
24/10/18

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - വനം വകുപ്പിൽ കോതമംഗലം റേഞ്ചിന് കീഴിൽ തട്ടേക്കാട് പക്ഷി സങ്കേതത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ബോട്ട് ഡ്രൈവറായി ജോലി ചെയ്തു വരുന്ന ശ്രീ. പി.എം. സജീവ് ഫയൽ ചെയ്ത OA (EKM) No. 831/2015 -മേലുള്ള ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 20/06/2017 ലെ അന്തിമ വിധി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.460/2018/വനം തീയതി,തിരുവനന്തപുരം, 23/10/2018

പരാമർശം:- 1 14.05.2015-ലെ സ.ഉ (എം.എസ്)നം.29/2015/വനം നമ്പർ ഉത്തരവ്.

2 28/12/2015 ലെ സ.ഉ.(എം.എസ്) നം. 110/2015/വനം നമ്പർ ഉത്തരവ്.

3 ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA (EKM) No. 831/2015 -മേലുള്ള 20/06/2017 ലെ ഉത്തരവ്.

4 ശ്രീ. പി.എം. സജീവ് സമർപ്പിച്ച 05.07.2017തീയതി വച്ച നിവേദനം.

5 ഭരണ വിഭാഗം ഉപമുഖ്യവനപാലകന്റെ 06.03.2018-ലെ ഇ6-26967/15 നമ്പർ കത്ത്

6 ബഹു കേരള ഹൈക്കോടതിയുടെ OP(KAT) No. 6/2018 മേലുള്ള 05.01.2018-ലെ ഉത്തരവ്.

ഉത്തരവ്

വനം വകുപ്പിൽ തട്ടേക്കാട് റിവർ പട്രോളിംഗ് സ്ക്വാഡ് യൂണിറ്റിൽ 21.08.1991 -ൽ ബോട്ട് ഡ്രൈവറായി ദിവസവേതനടിസ്ഥാനത്തിൽ നിയമിച്ച ശ്രീ. പി.എം. സജീവ് 15/11/1993 വരെ ടി തസ്തികയിൽ ജോലി ചെയ്തിരുന്നു. തട്ടേക്കാട് റിവർ പട്രോളിംഗ് സ്ക്വാഡ് യൂണിറ്റിന്റെ പ്രവർത്തനം 1993 നവംബറിൽ അവസാനിപ്പിച്ചതിനെ തുടർന്ന് ടിയാനെ 1995-ൽ തട്ടേക്കാട് പക്ഷി സങ്കേതത്തിലേക്ക് മാറ്റി നിയമിക്കുകയും, 1995 മെയ് മുതൽ തട്ടേക്കാട് പക്ഷി സങ്കേതത്തിൽ തുടർച്ചയായി ജോലി ചെയ്തു വരികയുമാണ്. വനം വകുപ്പിൽ 01/09/2013-ൽ 20 വർഷം തുടർച്ചയായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വന്നിരുന്നതും, 56 വയസ്സ് പൂർത്തിയാക്കാത്തതുമായ 234 താൽക്കാലിക ജീവനക്കാരെ പരാമർശം (1) (2) ലെ സർക്കാർ ഉത്തരവുകൾ പ്രകാരം വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ അപേക്ഷകൻ 21/08/1991 മുതൽ 15/11/1993 വരെ കോതമംഗലം റേഞ്ചിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നു എന്ന് സ്ഥാപിക്കുന്നതിനുള്ള സാക്ഷ്യപ്പെടുത്തിയിട്ടുള്ള രേഖകൾ ഇല്ലാത്തതിനാൽ ടിയാന്റെ പേര് സ്ഥിരപ്പെടുത്തിയവരുടെ ലിസ്റ്റിൽ നിന്നും ഒഴിവാക്കുകയുണ്ടായി.

2. മേൽ നടപടിക്കെതിരെ ടിയാൻ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ്

ട്രിബ്യൂണൽ മുമ്പാകെ OA (EKM) NO. 831/2015 ആയി കേസ് ഫയൽ ചെയ്തു. പരാതിക്കാരൻ 1995 മുതൽ തട്ടേക്കാട് പക്ഷി സങ്കേതത്തിൽ ജോലി ചെയ്തു വരുന്നു എന്നതിനും, ടിയാൻ 01/09/2013-ൽ സർവ്വീസിൽ ഉണ്ടായിരുന്നു എന്നതിനും നിലവിൽ തർക്കമില്ലായെന്നും, മേൽ തീയതിയിൽ ടിയാന്റെ 21/08/1991 മുതൽ 15/11/1993 വരെ തട്ടേക്കാട് റിവർ പട്രോളിംഗ് സ്ക്വാഡ് യൂണിറ്റിലുള്ള സർവ്വീസും, തുടർന്ന്1995 മെയ് മുതൽ തട്ടേക്കാട് പക്ഷി സങ്കേതത്തിലുള്ള സർവ്വീസും ചേർത്ത് 20 വർഷത്തിൽ കൂടുതൽ സർവ്വീസ് ഉള്ളതായും ബഹു ട്രിബ്യൂണൽ നിരീക്ഷിക്കുകയുണ്ടായി. കൂടാതെ പരാമർശം ഒന്നിലെ ഉത്തരവ് 01/09/2013-ൽ 20 വർഷം തുടർച്ചയായി വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വന്നിരുന്നവരും, മേൽ തിയതിയിൽ സർവ്വീസിൽ തുടരുന്നവരുമായവർക്ക് ആനുകൂല്യം നൽകണമെന്ന് ഉദ്ദേശിച്ചുകൊണ്ട് സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പുറപ്പെടുവിച്ചത് എന്നിരിക്കെ, ടി ഉത്തരവിന്റെ ആനുകൂല്യത്തിന് 01/09/2013-ൽ 20 വർഷം പൂർത്തീകരിച്ച എല്ലാ ദിവസവേതനക്കാരും അർഹരാണെന്നും, ടി സർവ്വീസിനിടയിലുള്ള സേവന വിഘ്നം അവഗണിക്കാവുന്നതുമാണ് എന്നും, കൂടാതെ സമാന സാഹചര്യത്തിലുള്ളവരുടെ സേവനം സ്ഥിരപ്പെടുത്തി നൽകിയിട്ടുണ്ട് എന്ന പരാതിക്കാരന്റെ വാദം സർക്കാർ ഖണ്ഡിച്ചിട്ടുമില്ല എന്നും എടുത്തുപറഞ്ഞുകൊണ്ടു കേസിലെ ഒന്നാം എതിർ കക്ഷിയായ സർക്കാരിനോട് പരാതിക്കാരനെ ഈ കേസിലെ അന്തിമ വിധി ലഭിച്ച് രണ്ട് മാസത്തിനകം സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിന് പരാമർശം മൂന്ന പ്രകാരം ബഹുമാനപ്പെട്ട ട്രിബ്യൂണൽ ഉത്തരവായിരുന്നു. തുടർന്ന് ബഹു ട്രിബ്യൂണലിന്റെ പരാമർശം മൂന്നിലെ ഉത്തരവിനെതിരെ സർക്കാർ ബഹു ഹൈക്കോടതി മുൻപാകെ OP (KAT)No.6/18 ആയി അപ്പീൽ ഫയൽ ചെയ്തുവെങ്കിലും ബഹുമാനപ്പെട്ട കോടതി ടി അപ്പീൽ പരാമർശം അഞ്ച് പ്രകാരം തള്ളിക്കളയുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. പി എം സജീവ് 21/08/1991 മുതൽ 15/11/1993 വരെ തട്ടേക്കാട് റിവർ പട്രോളിംഗ് സ്ക്വാഡ് യൂണിറ്റിൽ ജോലി ചെയ്തിരുന്നു എന്ന് കാണിച്ചുകൊണ്ട് കോതമംഗലം ഫോറസ്റ്റ് റേഞ്ച് ഓഫീസർ നൽകിയ സർട്ടിഫിക്കറ്റ് സ്ഥിരീകരിക്കുന്നതിന് വകുപ്പിൽ രേഖകൾ ഒന്നും തന്നെ ഇല്ലായെന്ന കാരണത്താലാണ് ടിയാനെ സ്ഥിരപ്പെടുത്തുന്നുള്ളവരുടെ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ കോതമംഗലം ഫോറസ്റ്റ് റേഞ്ച് ഓഫീസർ നൽകിയിട്ടുള്ള അനക്ഷർ എ1 സർട്ടിഫിക്കറ്റിൽ പരാതിക്കാരന് 21/08/1991 മുതൽ 15/11/1993 വരെ തട്ടേക്കാട് റിവർ പട്രോളിംഗ് സ്ക്വാഡ് യൂണിറ്റിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിട്ടുള്ളതായി പറഞ്ഞിട്ടുണ്ടെന്നും, മേൽ സർട്ടിഫിക്കറ്റിന്റെ ആധികാരികത പരിശോധിക്കുന്നതിനുള്ള രേഖകൾ വകുപ്പിൽ ലഭ്യമല്ലാ എന്ന് പറയുമ്പോഴും, കോതമംഗലം ഫോറസ്റ്റ് ഡിവിഷന് കീഴിൽ റിവർ പട്രോളിംഗ് സ്ക്വാഡ് യൂണിറ്റ് പ്രവർത്തിച്ചിരുന്നു എന്ന കാര്യത്തിൽ തർക്കമില്ല എന്നും, കൂടാതെ പരാതിക്കാരന് മേൽ കാലയളവിൽ സർക്കാർ ട്രഷറി വഴി ദിവസ വേതനം നൽകിയിട്ടുമുണ്ട് എന്നും, ആയതുകൊണ്ട് തന്നെ മേൽ സർട്ടിഫിക്കറ്റിന്റെ ആധികാരികത ഈ സമയം പരിശോധിക്കേണ്ടതില്ല എന്നുമുള്ള ബഹു ട്രിബ്യൂണലിന്റെ പരാമർശം അംഗീകരിക്കാവുന്നതാണ്.

4. മേൽ സാഹചര്യത്തിൽ വനം വകുപ്പിൽ 21/08/1991 മുതൽ 15/11/1993 വരെ തട്ടേക്കാട് റിവർ പട്രോളിംഗ് സ്ക്വാഡ് യൂണിറ്റിൽ ദിവസവേതനാടിസ്ഥാനത്തിൽ ബോട്ട്

ഡ്രൈവറായി ജോലി ചെയ്തിരുന്നതും, 1995 മെയ് മാസം മുതൽ തട്ടേക്കാട് പക്ഷി സങ്കേതത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്നതുമായ ശ്രീ. പി എം. സജീവിനെ, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം മൂന്നിലെ വിധി മാനിച്ചുകൊണ്ട് വാച്ചർ തസ്തികയിൽ 8500-13210ശമ്പള സ്കെയിലിൽ താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിനു അനുമതി നൽകിക്കൊണ്ടും, പരാമർശം മൂന്നിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധി നടപ്പിലാക്കികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. വനം വകുപ്പ് മുഖ്യവനപാലകൻ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതായാണ്.

- ശ്രീ. പി എം. സജീവിനുവേണ്ടി സൃഷ്ടിക്കപ്പെടുന്ന സൂപ്പർ ന്യൂമററി തസ്തിക ടിയാൻ വിരമിക്കുന്നതോടെ നിർത്തലാക്കപ്പെടുന്നതാണ്.
- ഉത്തരവ് തിയതി മുതൽക്ക് മാത്രമേ ടിയാന് സ്ഥിരം ജീവനക്കാർക്കുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**വേണു.വി**
**പ്രിന്സിപ്പല് സെക്രട്ടറി**

<u>പകർപ്പ്</u>
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & HoFF, തിരുവനന്തപുരം
അഡിഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം), തിരുവനന്തപുരം.
ശ്രീ. പി.എം. സജീവ് (APCCF(A) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ആമുഖ കത്ത് സഹിതം).
പൊതുഭരണ (എസ്. സി) വകുപ്പ് (ഇനം നം 2523, തീയതി 10.10.2018).
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

Signature valid
ഉത്തരവിൻ പ്രകാരം
Digitally signed by SAJEEVAN M K
Date: 2018.10.23 14:32:53 IST
Reason: Approved
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-10-2018

ഫയൽ നം.282/എഫ്1/2017/വനം ഇനം നം: 2523

വിഷയം : വനം വന്യജീവി വകുപ്പ് - വനം വകുപ്പിൽ കോതമംഗലം റേഞ്ചിന് കീഴിൽ തട്ടേക്കാട് പക്ഷി സങ്കേതത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ബോട്ട് ഡ്രൈവറായി ജോലി ചെയ്തു വരുന്ന ശ്രീ. പി.എം. സജീവിന് സ്ഥിരനിയമനം നൽകണമെന്ന ആവശ്യം.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

10x18

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | 282/ എഫ്1/ 2017/ വനം |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | വനം വകുപ്പിൽ കോതമംഗലം റേഞ്ചിന് കീഴിൽ തട്ടേക്കാട് പക്ഷി സങ്കേതത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ബോട്ട് ഡ്രൈവറായി ജോലി ചെയ്തു വരുന്ന ശ്രീ. പി.എം. സജീവിന് സ്ഥിരനിയമനം നൽകണമെന്ന ആവശ്യം സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 24/ 03/ 2018 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | ഉണ്ട്<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ.പ്രവീൺ. എസ് |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ഡോ. വേണു. വി |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 27.09.2018 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. ടോം ജോസ് |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 30.09.2018 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജു |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 03.10.2018 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 05.10.2018 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | 10-10-2018 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | Go (Rt) No. 460/2018/വനം, 23/10/18. |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വനം വകുപ്പിൽ കോതമംഗലം റേഞ്ചിന് കീഴിൽ തട്ടേക്കാട് പക്ഷി സങ്കേതത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ബോട്ട് ഡ്രൈവറായി ജോലി ചെയ്തു വരുന്ന ശ്രീ. പി.എം. സജീവ് തന്നെ വകുപ്പിൽ സ്ഥിരപ്പെടുത്തണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഫയൽ ചെയ്ത OA (EKM) No. 831/2015 -മേലുള്ള ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 20/06/2017 ലെ വിധി നടപ്പാക്കുന്നതാണ് ഈ കുറിപ്പിലെ വിഷയം.

2. വനം വകുപ്പിൽ തട്ടേക്കാട് റിവർ പട്രോളിംഗ് സ്ക്വാഡ് യൂണിറ്റിൽ ബോട്ട് ഡ്രൈവറായി 21/08/1991-ൽ ശ്രീ. പി.എം. സജീവിനെ നിയമിക്കുകയും, തുടർന്ന് 15/11/1993 വരെ ടി തസ്തികയിൽ ജോലി ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ തട്ടേക്കാട് റിവർ പട്രോളിംഗ് സ്ക്വാഡ് യൂണിറ്റിന്റെ പ്രവർത്തനം 1993 നവംബറിൽ അവസാനിപ്പിച്ചതിനെ തുടർന്ന് ടിയാനെ 1995-ൽ തട്ടേക്കാട് പക്ഷി സങ്കേതത്തിലേക്ക് മാറ്റി നിയമിക്കുകയും, 1995 മെയ് മുതൽ തട്ടേക്കാട് പക്ഷി സങ്കേതത്തിൽ തുടർച്ചയായി ജോലി ചെയ്തു വരികയുമാണ്.

3. വനം വകുപ്പിൽ 01/09/2013-ൽ 20 വർഷം തുടർച്ചയായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വന്നിരുന്നതും, 56 വയസ്സ് പൂർത്തിയാക്കാത്തതുമായ 234 താൽക്കാലിക ജീവനക്കാരെ 14/05/2015 ലെ സ.ഉ (എം.എസ്) 29/2015/വനം, 28/12/2015 ലെ സ.ഉ (എം.എസ്) 110/2015/വനം എന്നീ ഉത്തരവുകൾ പ്രകാരം വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ അപേക്ഷകൻ 21/08/1991 മുതൽ 15/11/1993 വരെ കോതമംഗലം റേഞ്ചിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നു എന്ന് സ്ഥാപിക്കുന്നതിനുള്ള സാക്ഷ്യപ്പെടുത്തിയിട്ടുള്ള രേഖകൾ ഇല്ലാത്തതിനാൽ ടിയാന്റെപേര് സ്ഥിരപ്പെടുത്തുന്നതിലേക്കായി പരിഗണിച്ചിരുന്നില്ല. തട്ടേക്കാട് റേയ്ഞ്ചിൽ ലഭ്യമായ രേഖകൾ പ്രകാരം ടിയാന്റെ സേവനം 1995 മെയ് മാസം

മുതൽ മാത്രമേ ആരംഭിക്കുന്നുള്ളൂ. ആയത്കൊണ്ട് തന്നെ 1/09/2013-ൽ ടിയാന് 18 വർഷത്തെ സർവ്വീസ് മാത്രമേ പൂർത്തിയാകുന്നുള്ളൂ.

4. മേൽ നടപടികൾക്കെതിരെ ടിയാൻ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA (EKM) Np. 831/2015 ആയി കേസ് ഫയൽ ചെയ്യുകയും, ടി കേസിലെ 20/06/2017 ലെ വിധിയിൽ ടി കേസിലെ ഒന്നാം എതിർ കക്ഷിയായ സർക്കാരിനോട് ടിയാനെ ഉത്തരവ് ലഭിച്ച് രണ്ട് മാസത്തിനകം സ്ഥിരപ്പെടുത്തുന്നതിന് ബഹുമാനപ്പെട്ട ട്രിബ്യൂണൽ ഉത്തരവായിരുന്നു. പരാതിക്കാരൻ സമർപ്പിച്ച അനക്ഷർ എ 1 സർട്ടിഫിക്കറ്റ് ( പരാതിക്കാരൻ 21/08/1991 മുതൽ 15/11/1993 വരെ തട്ടേക്കാട് റിവർ പട്രോളിംഗ് സ്ക്വാഡ് യൂണിറ്റിൽ ജോലി ചെയ്തിരുന്നു എന്ന് കാണിച്ചുകൊണ്ട് കോതമംഗലം ഫോറസ്റ്റ് റേഞ്ച് ഓഫീസർ നൽകിയ സർട്ടിഫിക്കറ്റ്) സ്ഥിരീകരിക്കുന്നതിന് വകുപ്പിൽ രേഖകൾ ഒന്നും തന്നെ ഇല്ലായെന്ന കാരണത്താലാണ് നിരസിച്ചിട്ടുള്ളതെന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ നിരീക്ഷിക്കുകയുണ്ടായി . എന്നാൽ കോതമംഗലം ഫോറസ്റ്റ് റേഞ്ച് ഓഫീസർ നൽകിയിട്ടുള്ള അനക്ഷർ എ 1 സർട്ടിഫിക്കറ്റിൽ പരാതിക്കാരന് 21/08/1991 മുതൽ 15/11/1993 വരെ തട്ടേക്കാട് റിവർ പട്രോളിംഗ് സ്ക്വാഡ് യൂണിറ്റിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിട്ടുള്ളതായി പറഞ്ഞിട്ടുണ്ടെന്നും ട്രിബ്യൂണൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മേൽ സർട്ടിഫിക്കറ്റിന്റെ ആധികാരികത പരിശോധിക്കുന്നതിനുള്ള രേഖകൾ വകുപ്പിൽ ലഭ്യമല്ലാ എന്ന് പറയുമ്പോഴും, കോതമംഗലം ഫോറസ്റ്റ് ഡിവിഷന് കീഴിൽ റിവർ പട്രോളിംഗ് സ്ക്വാഡ് യൂണിറ്റ് പ്രവർത്തിച്ചിരുന്നു എന്ന കാര്യത്തിൽ തർക്കമില്ല എന്നും, കൂടാതെ പരാതിക്കാരന് മേൽ കാലയളവിൽ സർക്കാർ ട്രഷറി വഴി ദിവസ വേതനം നൽകിയിട്ടുമുണ്ട് എന്നും, ആയതുകൊണ്ട് തന്നെ മേൽ സർട്ടിഫിക്കറ്റിന്റെ ആധികാരികത ഈ സമയം പരിശോധിക്കേണ്ടതില്ല എന്നും കോടതി ചൂണ്ടി കാണിക്കുകയുണ്ടായി.

5. പരാതിക്കാരൻ 1995 മുതൽ തട്ടേക്കാട് പക്ഷി സങ്കേതത്തിൽ ജോലി

ചെയ്തു വരുന്നു എന്നതിനും, ടിയാൻ 01/09/2013-ൽ സർവ്വീസിൽ ഉണ്ടായിരുന്നു എന്നതിനും നിലവിൽ തർക്കമില്ലായെന്നും, മേൽ തീയതിയിൽ ടിയാന്റെ 21/08/1991 മുതൽ 15/11/1993 വരെ തട്ടേക്കാട് റിവർ പട്രോളിംഗ് സ്ക്വാഡ് യൂണിറ്റിലുള്ള സർവ്വീസും, തുടർന്ന് 1995 മെയ് മുതൽ തട്ടേക്കാട് പക്ഷി സങ്കേതത്തിലുള്ള സർവ്വീസും ചേർത്ത് 20 വർഷത്തിൽ കൂടുതൽ സർവ്വീസ് ഉള്ളതായും ബഹുമാനപ്പെട്ട ട്രിബ്യൂണൽ നിരീക്ഷിക്കുകയുണ്ടായി. കൂടാതെ അനക്ഷർ എ 3 (സ.ഉ (എം.എസ്) 29/2015/വനം തിയതി 14/05/2015) ഉത്തരവ് 01/09/2013-ൽ 20 വർഷം തുടർച്ചയായി വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വന്നിരുന്നവരും, മേൽ തിയതിയിൽ സർവ്വീസിൽ തുടരുന്നവരുമായവർക്ക് ആനുകൂല്യം നൽകണമെന്നും ഉദ്ദേശിച്ചുകൊണ്ട് സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പുറപ്പെടുവിച്ചത് എന്നിരിക്കെ, ടി ഉത്തരവിന്റെ ആനുകൂല്യത്തിന് 01/09/2013-ൽ 20 വർഷം പൂർത്തീകരിച്ച എല്ലാ ദിവസവേതനക്കാരും അർഹരാണെന്നും, ടി സർവ്വീസിനിടയിലുള്ള സേവന വിഘ്നം അവഗണിക്കാവുന്നതുമാണ് എന്നും, കൂടാതെ സമാന സാഹചര്യത്തിലുള്ളവരുടെ സേവനം സ്ഥിരപ്പെടുത്തി നൽകിയിട്ടുണ്ട് എന്ന പരാതിക്കാരന്റെ വാദം സർക്കാർ ഖണ്ഡിച്ചിട്ടുമില്ല എന്നും എടുത്തുപറഞ്ഞുകൊണ്ടു കേസിലെ ഒന്നാം എതിർ കക്ഷിയായ സർക്കാരിനോട് പരാതിക്കാരനെ ഈ കേസിലെ അന്തിമ വിധി ലഭിച്ച് രണ്ട് മാസത്തിനകം സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിന് ബഹുമാനപ്പെട്ട ട്രിബ്യൂണൽ ഉത്തരവാകുകയായിരുന്നു.

6. ബഹുമാനപ്പെട്ട ട്രിബ്യൂണലിന്റെ OA (EKM) No. 831/2015 -ന്മേലുള്ള 20/06/2017 ലെ ഉത്തരവിൽ ശ്രീ പി എം. സജീവിന്റെ താൽക്കാലിക സേവനം സ്ഥിരപ്പെടുത്തണം എന്ന് വ്യക്തമായി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം മന്ത്രിസഭാ മുമ്പാകെ വച്ച് ഒരു തീരുമാനം എടുക്കുന്ന കാര്യത്തിൽ ഉത്തരവിനായി ഫയൽ ബഹുമാനപ്പെട്ട വനം വകുപ്പ് മന്ത്രിക്ക് സമർപ്പിച്ചപ്പോൾ

താഴെപ്പറയുന്ന കാര്യങ്ങളുടെ അടിസ്ഥാനത്തിൽ മേൽ ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന് അന്നത്തെ വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഉത്തരവായിരുന്നു.

*"The cases of Uma Devi Vs State of Karnataka and Nandakumar Vs State of Bihar, are land mark decisions. People who have entered public service without going through a selection process do not have any claim for regularization. Regularizing such entries amount to discrimination against deserving candidates. Hence Government decided to file appeal against the order of Kerala Administrative Tribunal as the Kerala Administrative Tribunal order is against the law laid down in both Umadevi and Nandakumar cases."*

7. ആയതിന്റെ അടിസ്ഥാനത്തിൽ 20/06/2017 ലെ OA (EKM) No. 831/2015 ലെ ബഹുമാനപ്പെട്ട ട്രിബ്യൂണലിന്റെ വിധിയ്ക്കെതിരെ സർക്കാർ OP (KAT)No.6/18 ആയി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തുവെങ്കിലും ബഹുമാനപ്പെട്ട കോടതി ടി അപ്പീൽ തള്ളിക്കളയുകയുണ്ടായി. ആയതുകൊണ്ട് ബഹുമാനപ്പെട്ട ട്രിബ്യൂണലിന്റെ OA (EKM) No. 831/2015 മേലുള്ള 20/06/2017 ലെ ഉത്തരവ് സർക്കാരിന് നടപ്പാക്കേണ്ടതുള്ളതിനാൽ ഇക്കാര്യം മന്ത്രി സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാമോ എന്ന ഉത്തരവിനായി ബഹു. മുഖ്യമന്ത്രിയ്ക്ക് ഫയൽ സമർപ്പിച്ചപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവാകുകയും തുടർന്ന് മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് അംഗീകരിക്കുന്നതിനായി നൽകിയപ്പോൾ ബഹുമാനപ്പെട്ട ട്രിബ്യൂണലിന്റെ 20/06/2017 ലെ OA (EKM) No. 831/2015 ലെ അന്തിമ വിധി നടപ്പിലാക്കുന്ന കാര്യത്തിൽ ധനകാര്യ വകുപ്പിന്റെയും നിയമ വകുപ്പിന്റെയും അഭിപ്രായം ആരായുവാൻ 21.04.2018 ൽ

അന്നത്തെ ചീഫ് സെക്രട്ടറി ഉത്തരവായിരുന്നു.

8. ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു;

*"Administrative Department is informed that the regularization of daily wage employees is against the general stand taken by the Government.The remarks offered by Finance Department in similar cases, as pointed out by Administrative Department is as follows: "Attention of Administrative Department is invited to the note No.2661/Expr-A1/2015/Fin Dated, 16/01/2016 of ACS (Fin) circulated to all ACS/Secretaries to Government. It is informed that earlier, daily waged workers of various categories such as Watchers etc. were regularized with the approval of Council of Ministers in two batches of 135 and 99, by overruling the opinion of Finance Department. The decision was seen and returned by Finance Department as per business rules. However when the opinion of the Law Secretary was sought, he has pointed out quoting the judgment of Hon'ble Supreme Court of India dated 10/04/2006 in Appeal (Civil)3595-3612 of 1999 in the case of State of Karnataka Vs. Umadevi & Others, that no regularization or making permanent of daily wagers/ temporary/contract employees can be done on or after 09/10/2006. He further pointed out that the Hon'ble Court emphasized that when the rules framed under Article 309 of the Constitution of India are in force, no regularization is permissible in exercise of the executive powers of the*

*government under Article 162 of the Constitution, in contravention of the rules. Further, based on the above mentioned opinion of the Law Secretary, the Additional Chief Secretary (Finance) has circulated two separate notes, along with the opinion of Law Secretary, to all the Secretaries of Government Departments. Accordingly, no more regularizations/making permanent of daily wagers/ temporary/contract employees can be done, and further, all the cases of regularization that were done on or after 09/10/2006 should be subjected to review with the permission of Hon'ble Apex Court. In the above circumstances, the current proposal in this file cannot be agreed to and further, the earlier regularizations of 135+99 daily wagers need also to be reviewed based on the decision of Hon'ble Supreme Court of India, which, otherwise, will amount of violation of the directions of Hon'ble Court leading to contempt as well as break down of the Constitutional machinery" . In the above circumstance, the proposal for regularisation of Shri P.M.Sajeev, daily wage boat driver, Thattekkad Bird Sanctuary cannot be agreed to."*

9. ഈ വിഷയത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു;

*"In Umadevi Vs State of Karnataka (2006 (4) SCC 1), the Hon'ble Supreme Court has restrained the regularisation or permanent continuance of temporary, contractual, causal, daily wage or adhoc employees as it is against the*

*constitutional scheme of public employment. Those employed on daily wages or temporarily on contract basis do not have a right to claim to be absorbed in service. The Court have also allowed the State Governments and Union Government as a one time measure to initiate steps for the regularisation of those temporary employees who have a continuous service of more than 10 years as on 10.04.2006 ( the date of judgement), in case where they were appointed in sanctioned posts, and their initial appointment though irregular were not illegal and their continuance in service was not on the basis of any orders of any Court or Tribunal.*

*Following the decision in Umadevi Case (2006 (4) SCC 1) the Hon'ble Supreme Court in State of Karnataka and Ors. V. M.L Kesari and Ors (MANU/SC/0557/2010) has clarified that all those who worked for more than 10 years as on 10.04.2006 (date of decision in Umadevi Case) without the protection of any interim order of any Court of Tribunal, in vacant posts, possessing requisite qualification are entitled to be considered for regularisation. The fact that the employer has not undertaken such exercise of regularisation within six months of the decision in Umadevi Case or that such exercise was undertaken only in regard to a limited few will not disentitle such employee's right to be considered for regularisation in terms of the direction in Umadevi case as a one time measure.*

*In the instant case Sri. Sajeev employed as boat driver on daily wages, claims to have more than 20 years of service as on 01.09.2013. Similarly placed 135 daily wage employees of Forest Department, having 20 years of service on 01.09.2013 were regularised on 04.05.2015, and another 99 employees who could not find a place in the earlier order were also subsequently regularised. But the claim of the applicant was not considered as the records pertaining to his engagement prior to May 1995 is not available in the Department and his total service when counted from May 1995 till 01.09.2013 falls shot 20 years.*

*The service of the applicant on daily wage from May 1995 to 01.09.2013 is not disputed. The dispute is regarding continuity of service from 21.08.1991 to 15.11.1993, as the department does not have any records regarding the engagement of the applicant. It is no fault of the applicant. The applicant produced certificate from Forest Range Officer to the effect that he was engaged on daily wages as boat driver from 21.08.1991 to 15.11.1993. Hence the Hon'ble Administrative Tribunal in judgement dated 20.06.2017 in OA(EKM) No. 831/2015 concluded that he has got more than 20 years of service as on 01.09.2013. The decision has been upheld in OP(KAT) 06/2018. The applicant has got more than 10 years service prior to 10.04.2006 and hence clearly falls within the exemption carved out in Umadevi*

*case and is entitled to be considered for regularisation if his continuance is not based on court stay and if it is to a substantive post."*

10. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിനെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീൽ ബഹു. കേരള ഹൈക്കോടതി തള്ളിക്കളഞ്ഞ സാഹചര്യത്തിൽ ട്രിബ്യൂണലിന്റെ വിധി നടപ്പിലാക്കുകയല്ലാതെ സർക്കാറിന്റെ മുമ്പിൽ മറ്റ് മാർഗ്ഗങ്ങളൊന്നും തന്നെ ഇല്ല.

**തീരുമാനിക്കേണ്ട വിഷയം**

വനം വകുപ്പിൽ 21/08/1991 മുതൽ 15/11/1993 വരെ തട്ടേക്കാട് റിവർ പട്രോളിംഗ് സ്ക്വാഡ് യൂണിറ്റിൽ ദിവസവേതനാടിസ്ഥാനത്തിൽ ബോട്ട് ഡ്രൈവറായി ജോലി ചെയ്തിരുന്നതും, 1995 മെയ് മാസം മുതൽ നിലവിൽ തട്ടേക്കാട് പക്ഷി സങ്കേതത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്നതുമായ ശ്രീ. പി എം. സജീവിനെ, OA (Ekm) 831/15 ൽ 20/6/17 ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധി മാനിച്ചും, ധനകാര്യ വകുപ്പിന്റെ എതിർപ്പ് മറികടന്നും, വാച്ചർ തസ്തികയിൽ 8500-13210 ശമ്പള സ്കെയിലിൽ താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്താമോ?

- ശ്രീ. പി എം. സജീവിനുവേണ്ടി സൃഷ്ടിക്കപ്പെടുന്ന സൂപ്പർ ന്യൂമററി തസ്തിക ടിയാൻ വിരമിക്കുന്നതോടെ നിർത്തലാക്കപ്പെടുന്നതാണ്.
- ഉത്തരവ് തിയതി മുതൽക്ക് മാത്രമേ ടിയാന് സ്ഥിരം ജീവനക്കാർക്കുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.